പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1753 04.10.2011 ൽ മറുപടിയ്ക്ക്

## റാന്നി വെച്ചൂച്ചിറ ഫീഡർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റാന്നിയിൽ നിന്നും വെച്ചൂച്ചിറയിലേക്ക് പുതിയ 11 കെ.വി.യുടെ ഫീഡർ നിർമ്മാണത്തിനായി എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; | (എ) റാന്നിയിൽ നിന്നും വെച്ചൂച്ചിറയിലേയ്ക്ക് പുതിയ 11 കെ.വി ഫീഡർ നിർമ്മാണത്തിനായി 1,09,34,310/- രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. റാന്നി 110 കെ. വി സബ്സ്റ്റേഷനിൽ നിന്നും ഇടമൺ ജംഗഷൻ വരെ 14 കി.മീ 11 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിനായി 86,77,737/- രൂപയും വെച്ചൂച്ചിറയിൽ നിന്നും പെരുന്തേനരുവി വരെ 3 കി.മീ 11 കെ.വി ലൈൻ വലിക്കുന്നതിന് 19,18,426/- രൂപയും 3X300mm അണ്ടർഗ്രൗണ്ട് കേബിൾ ഉപയോഗിച്ച് DP തമ്മിൽ യോജിപ്പിക്കുന്നതിന് 3,38,147/- രൂപയും ആണ് എസ്റ്റിമേറ്റ് തുക |
| (ബി) ഇതിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ; എത്ര കിലോമീറ്റർ ദൂരത്തേക്കാണ് ലൈൻ വലിച്ചിട്ടുള്ളത് ; ഇനിയും എത്ര കിലോമീറ്റർകൂടി ലൈൻ വലിക്കാനുണ്ട് ; | (ബി) ഇതിന്റെ നിർമ്മാണം 13.01.2010 ൽ ആരംഭിച്ചു. ആവശ്യമുള്ള മുഴുവൻ ദൂരത്തേക്കും (17 കി.മീ)ലൈൻ വലിച്ചു കഴിഞ്ഞു. കേബിൾ ഇടുന്ന ജോലി മാത്രമേ പൂർത്തിയാക്കാനുള്ളൂ. |

(.............2)

| | | |
|---|---|---|
| (സി) | ഇതിന്റെ നിർമ്മാണം മന്ദഗതിയിലാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; എത്ര നാളുകൾകൊണ്ട് ഈ പ്രവൃത്തി പൂർത്തിയാക്കാനായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത് ; | (സി) റാന്നി ടൗണിൽ നിരന്തരമായി സപ്ലൈ ഓഫ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് കാരണമാണ് നിർമ്മാണം മന്ദഗതിയിലാകുന്നത്. 3 മാസ കാലാവധി കൊണ്ട് പൂർത്തിയാക്കാനായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. പിന്നീടത് പലപ്പോഴായി ഒരു വർഷത്തേയ്ക്ക് നീട്ടിക്കൊടുത്തു. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) ഈ ജോലി ചെയ്യുമ്പോൾ റാന്നി ടൗണിൽ തുടർച്ചയായുണ്ടാവുന്ന വൈദ്യുതി മുടക്കം ഒഴിവാക്കേണ്ട സാഹചര്യമുള്ളതിനാൽ ഇനി 60 ദിവസംകൊണ്ട് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സബ്സ്റ്റേഷൻ കോമ്പൗണ്ടിനുള്ളിലുള്ള കേബിൾ വർക്ക് പുരോഗതിയിലാണ്. നിയമപരമായ PTCC ക്ലിയറൻസ് ലഭിക്കുന്നതിലേക്കായി ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയായി. 46 ഗാർഡിംഗ് അധികമായി കെട്ടണമെന്ന് BSNL അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ വർക്കിന് ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ